പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2006-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2006

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2006-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

627/2006.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2006-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഏഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 209 ഇ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13), 209 ഇ വകുപ്പിൽ, "പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പിഴ" എന്ന വാക്കുകൾക്കുപകരം "പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് :

## ഉദ്ദേശകാരണങ്ങളുടെ വിവരണം

പഞ്ചായത്തുകൾക്ക് നിയമാനുസൃതമായി ഏതെങ്കിലും ആളിൽനിന്നും കിട്ടേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം പ്രതിമാസം 2% നിരക്കിലുള്ള പിഴപ്പലിശ ഈടാക്കുവാൻ കേരള പഞ്ചായത്ത് രാജ് ആക്റ്റ് '209 ഇ' വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. പിഴപ്പലിശയുടെ നിരക്ക് രണ്ട് ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറവ് ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരുവിധ അധികച്ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

** ** **

209 ഇ. നികുതികളായി കിട്ടേണ്ട തുക വസൂലാക്കൽ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലേയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ ബൈലാകളിലേയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അതു നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അതു നൽകേണ്ടതായ തീയതിമുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പിഴ സഹിതം വസൂലാക്കേണ്ടതാണ് :

എന്നാൽ, ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായിത്തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്നപക്ഷം യാതൊരു പിഴയും ഈടാക്കുവാൻ പാടുള്ളതല്ല.

** ** **

** ** **